# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്. എ. ഐ. ഡി.കെ(പി)9/680/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 26/09/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ.)
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, ജില്ലാ കാര്യാലയം , ഇടുക്കി
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്. എ. ഐ. ഡി.കെ(പി)9/680/2023 തീയ്യതി: 26/09/2023

# ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-12-2022 മുതൽ 04-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദ് കെ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 05-06-2023 | 09-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-06-2023 | 09-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സുസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. റ്റി.എസ്.ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനിറ്റ. പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ.വി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. അബ്ദുൾ അലി കുന്നൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഷൈനി എം.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാത്യു.കെ.ജോൺ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഭാഗ്യരാജ് കെ.ആർ | സെക്രട്ടറി | 01-04-2022 | 10-07-2022 |
| ശ്രീ.അജയ് എ.ജെ | സെക്രട്ടറി | 11-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ദീപ റ്റി.ആർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീദേവി കെ | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഡീന എബ്രഹാം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 17-10-2022 |
| ശ്രീമതി.നിഷ മാമൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 18-10-2022 | 31-03-2023 |
| ശ്രീ.സുധീഷ് എം.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജിഷ ജോസഫ് | സി.ഡി.പി.ഒ | 01-04-2022 | 23-11-2022 |
| ശ്രീമതി.സിസിലിയാമ്മ മാത്യു | സി.ഡി.പി.ഒ | 24-11-2022 | 16-12-2022 |
| ശ്രീമതി.ബിന്ദു ബി.എ | സി.ഡി.പി.ഒ | 17-12-2022 | 21-12-2022 |
| ശ്രീമതി.ജാനറ്റ് എം.സേവ്യർ | സി.ഡി.പി.ഒ | 22-12-2022 | 31-03-2023 |
| ശ്രീ.രാജേഷ് വി.എസ് | വ്യവസായ വ്യകസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അൻസൽ നബി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 06-05-2022 |
| ഡോ.മിനി മോഹൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 06-05-2022 | 31-03-2023 |
| ശ്രീ.റ്റി.എൻ .സതീശൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 03-04-2022 |
| ശ്രീ.അജയ കുമാർ കെ.ജി | പട്ടികജാതി വികസന | 04-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി ആനിയമ്മ ഫ്രാൻസിസ് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 17-05-2022 |
| ശ്രീമതി ലിജി കെ.ഡി. | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 18-05-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ആസ്തി ബാധ്യത കണക്കുകൾ കൃത്യമല്ല | 1-1-1 |
| 3 | സോഫ്റ്റ്‌വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല | 1-1-2 |
| 4 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | പരസ്പര വിരുദ്ധമായ സാമ്പത്തിക റിപ്പോർട്ടുകൾ | 1-1-4 |
| 6 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല | 1-1-5 |
| 7 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. | 1-1-7 |
| 9 | സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ഇല്ലാത്ത ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു | 1-1-8 |
| 10 | ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ഓൺലൈൻ ട്രാൻസ്ഫർ ചെയ്ത തുക ക്രഡിറ്റാകാതെ തിരികെ ലഭിച്ചത് സ്റ്റെയിൽ ചെക്കായി അക്കൌണ്ട് ചെയ്തു | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ഗ്രാന്റ് വിനിയോഗം | 1-3 |
| 14 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 13.5 ലക്ഷം ലാപ്സായി | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ക്യാഷ് പരിശോധന | 1-6 |
| 17 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-7 |
| 18 | സ്റ്റെയിൽ ചെക്ക് തുകകളുടെ കൃത്യത വ്യക്തമല്ല | 1-8 |
| 19 | സി. എച്ച്. സി. ക്വാർട്ടേഴ്സ് - വാടക ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കുന്നില്ല | 1-9 |
| 20 | പണപ്പിരിവിന് രസീത് നൽകുന്നതിൽ അപാകത | 1-10 |
| 21 | വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-11 |
| 22 | കരിമണ്ണൂർ പ്രീ-മെട്രിക് ഹോസ്റ്റലിൽ സി.സി. ടിവി സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-12 |
| 23 | പൊതുലേലം നടത്താതെ കടമുറികൾ കൈമാറ്റം ചെയ്തു | 1-13 |
| 24 | വാർഷിക വർദ്ധനവില്ലാതെ കരാർ പുതുക്കി നൽകിയതിനാൽ പ്രതിമാസ | 1-14 |

| | | |
|---|---|---|
| | വാടകയിൽ കുറവ് | |
| 25 | അങ്കണവാടികൾക്ക് വാങ്ങിയ സ്മാർട്ട് ടെലിവിഷൻ ഇൻസ്റ്റലേഷൻ പൂർത്തീകരിച്ചിട്ടില്ല | 1-15 |
| 26 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക് പണം നൽകിയിരിക്കുന്നു | 1-16 |
| 27 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്കായി വാങ്ങിയ ലാപ്ടോപ്പുകൾ വിതരണം നടത്തിയിട്ടില്ല | 1-17 |
| 28 | ജവഹർ ഭവന പദ്ധതി വായ്പ - പലിശ തിരിച്ചടവിൽ വ്യക്തതയില്ല | 1-18 |
| 29 | പാലിയേറ്റീവ് കെയർ - മരുന്നുകൾ പൂർണമായി ലഭ്യമായില്ല | 1-19 |
| 30 | ഇലക്ഷൻ ഡെപ്പോസിറ്റ് തുക - മുതൽ കൂട്ടിയില്ല | 1-20 |
| 31 | വിവിധ പദ്ധതികൾക്കായി നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 1-21 |
| 32 | വിവിധ കാരണങ്ങളാൽ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 33 | രേഖ/രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 1-23 |
| 34 | അധികാര പരിധി വിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ - എയിഡഡ് ഹൈസ്കൂളുകൾക്ക് ടോയ്‌ലറ്റ് നിർമ്മാണം | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ട് | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനവൽ അദ്ധ്യായം 4-ലെ ഖണ്ഡിക4.2. &11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 22.05.2023-ലെ 2(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 25.05.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻ ഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഇതുൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകളും ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ ഏന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി. 25.09.2023 സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ആസ്തി ബാധ്യത കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ് ഷീറ്റിലെ ആസ്തി

ബാധ്യത കണക്കുകൾ കൃത്യമല്ല.

1-1-2 സോഫ്റ്റ്‌വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല

സാമ്പത്തിക റിപ്പോർട്ടുകളോ സാമ്പത്തിക വിവരങ്ങളോ ലഭ്യമാക്കുന്ന അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള എല്ലാ സോഫ്റ്റ്‌വെയറുകളിലെയ്ക്കും ഓഡിറ്റർക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ സാമ്പത്തിക അവസ്ഥ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാകുന്നില്ല.

1-1-3 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)ഇ, (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-4 പരസ്പര വിരുദ്ധമായ സാമ്പത്തിക റിപ്പോർട്ടുകൾ

അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ഇതര സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് പരസ്പര വിരുദ്ധമായ സാമ്പത്തിക റിപ്പോർട്ടുകളാണ് ലഭ്യമാകുന്നത്.

1-1-5 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ “Net Increase/Decrease In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ “Net Cash Generated By Operating + Investing + Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നതു വ്യത്യാസപ്പെട്ടിരിക്കുന്നു. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുത്തുന്നില്ല.

1-1-6 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടം, ചട്ടം 58(4)(എ) പ്രകാരം നീക്കിയിരിപ്പുള്ള

സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ നികുതിയേതര വരുമാനങ്ങളുടെ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-8 സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ഇല്ലാത്ത ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു

സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ഇല്ലാത്ത റോഡുകൾ, പാലങ്ങൾ, പബ്ലിക് ലൈറ്റിംങ്ങ് സംവിധാനം തുടങ്ങിയ ആസ്തി കൾക്ക് തേയ്മാനക്കിഴിവ് രേഖപ്പെടുത്തിയിരിക്കുന്നു.

## 1-1-9 ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ACR പ്രകാരമുള്ള ചെലവ് തുകകൾ സുലേഖയിലെ പ്രസ്തുത ചെലവ് തുകകളുമായി പൊരു ത്തപ്പെടുന്നില്ല.

## 1-1-10 ഓൺലൈൻ ട്രാൻസ്ഫർ ചെയ്ത തുക ക്രഡിറ്റാകാതെ തിരികെ ലഭിച്ചത് സ്റ്റേയിൽ ചെക്കായി അക്കൌണ്ട് ചെയ്തു

ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് ധനസഹായമിനത്തിൽ നൽകിയ ചുവടെ ചേർക്കുന്ന തുകകൾ അക്കൌണ്ടിൽ ക്രെഡിറ്റാകാതെ തിരിച്ചുവന്നത് സ്റ്റേയിൽ ചെക്കിന്റെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| | |
|---|---|
| വൗച്ചർ നം. 120060900047/25.09.2021 | ₹28500 |
| വൗച്ചർ നം. 120060900049/12.10.2020 | ₹6250 |
| വൗച്ചർ നം. 120060900048/08.01.2021 | ₹4850 |
| വൗച്ചർ നം. 121060900050/08.03.2022 | ₹10500 |
| വൗച്ചർ നം. 121060900064/31.03.2022 | ₹75000 |

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 17/03/2022ലെ (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 08/03/2023 (1)-ാം നമ്പർ തീരുമാന പ്രകാരവും പഞ്ചായത്ത് കമ്മിറ്റിയുടെ 22/03/2023ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വരവ് | ₹286703884 |
| ചെലവ് | ₹281606539 |
| നീക്കിയിരിപ്പ് | ₹5097345 |

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 24600000 | 24600000 | 22728955 | 1871045 |
| എസ്.സി.പി | 0 | 5724000 | 5724000 | 5127994 | 596006 |

| | | | | | |
|---|---|---|---|---|---|
| റ്റി.എസ്.പി | 0 | 5058000 | 5058000 | 4854660 | 203340 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് TIED | 785352 | 6327183 | 7112535 | 5072642 | 2039893 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് UNTIED | 673012 | 4118608 | 4791620 | 4172800 | 618820 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 |
| നോൺ റോഡ് | 0 | 6438000 | 6438000 | 3796855 | 2641145 |
| ഐ.എ.വൈ | 349281 | 121165 | 470446 | 0 | 470446 |
| ടോട്ടൽ സാനിറ്റേഷൻ | 134752 | 0 | 134752 | 0 | 134752 |
| 320300199 SST Corpus Fund | 11465 | 72784 | 84249 | 83669 | 580 |
| 320700403 IAY GP വിഹിതം | 1011149 | 3635000 | 4646149 | 4646149 | 0 |
| കോവിഡ് | 126488 | 0 | 126488 | 0 | 126488 |
| കേരളോത്സവം | 0 | 100000 | 100000 | 100000 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 0 | 291846 | 291846 | 291846 | 0 |
| ഹെൽത്ത് ഗ്രാന്റ് | 0 | 2606133 | 2606133 | 531789 | 2074344 |

കുറിപ്പ് – സ്ഥാപനത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ ലഭ്യമല്ലാത്തതിനാൽ തൻവർഷത്തെ ACR അടിസ്ഥാനമാക്കിയാണ് ഗ്രാന്റ് വിനിയോഗ പത്രിക തയ്യാറാക്കിയിട്ടുള്ളത്.

## 1-4 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 13.5 ലക്ഷം ലാപ്സായി

റോഡിതര മെയിന്റനൻസ് ഫണ്ടിനത്തിൽ തൻ വർഷം ₹64,38,000/-ലഭിച്ചിരിക്കുന്നു. ആയതിൽ ₹37,96,855/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം ഒരു സാമ്പത്തിക വർഷം അനുവദിച്ച മെയിന്റനൻസ് ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നുവെങ്കിൽ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്ത് ലഭിക്കൂ. യഥാസമയം ചെലവഴിക്കാത്തതിനാൽ റോഡിതര മെയിന്റനൻസ് ഫണ്ടിനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹13,53,545/- ലാപ്സായിട്ടുണ്ട്.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 6438000 | 3796855 | 2641145 | 58.97 | 1287600 | 1353545 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 135 | 80001254 | 114 | 58827470 | 21 | 84.44 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം % |
|---|---|---|---|---|---|
| സെക്രട്ടറി | 41 | 34 | 35540357 | 26631899 | 74.93 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 60 | 47 | 26009208 | 16070577 | 61.78 |
| സി.ഡി.പി.ഒ. | 4 | 4 | 4216280 | 3957838 | 93.87 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 9 | 9 | 2473908 | 2352064 | 95.07 |
| പട്ടികജാതി വികസന ഓഫീസർ | 4 | 4 | 1688100 | 1683310 | 99.71 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 800000 | 800000 | 100 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 200000 | 200000 | 100 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 3 | 3 | 1443850 | 1292012 | 89.48 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 12 | 11 | 7629551 | 5839770 | 76.54 |
| ആകെ | 135 | 114 | 80001254 | 58827470 | 84.44 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.06.2023-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണ സംവിധാനം

പ്രതിമാസ ഓഫീസ് മീറ്റിംഗുകൾ ചേർന്ന് വാർഷിക പദ്ധതി – കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നില്ല. ഓഫീസ് പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തുന്നില്ല. രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ് തൃപ്തികരമല്ല. സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടിനങ്ങളുടെ

വിനിയോഗം നിരീക്ഷിക്കുന്നതിന് പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത അക്കൗണ്ടുകളുടെ പ്രതിമാസ/വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിലും വ്യക്തതയില്ല. അതിനാൽ കുടിശ്ശിക സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

## 1-8 സ്റ്റെയിൽ ചെക്ക് തുകകളുടെ കൃത്യത വ്യക്തമല്ല

സ്റ്റെയിൽ ചെക്ക് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന തുകകൾ ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് വിഹിതം നൽകിയ തുകകളാണ് ഗുണഭോക്താക്കൾക്ക് തുക പിന്നീട് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. അർഹരായവരാണെങ്കിൽ ഗുണഭോക്താക്കൾക്ക് തുക നൽകേണ്ടതും സ്റ്റെയിൽ ചെക്ക് ഇനത്തിലെ തുകകളിൽ ആവശ്യമായ ക്രമീകരണം നടത്തേണ്ടതുമാണ്.

| | |
|---|---|
| വൗച്ചർ നം. 120060900047/25.09.2021 | ₹28500/- |
| വൗച്ചർ നം. 120060900049/12.10.2020 | ₹6250/- |
| വൗച്ചർ നം. 120060900048/08.01.2021 | ₹4850/- |
| വൗച്ചർ നം. 120060900050/08.03.2022 | ₹10500/- |
| വൗച്ചർ നം. 120060900064/31.03.2022 | ₹75000/- |

## 1-9 സി. എച്ച്. സി. ക്വാർട്ടേഴ്സ് - വാടക ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിൽ ഇളംദേശത്തുള്ള സി. എച്ച്. സി. ക്വാർട്ടേഴ്സുകളുടെ വാടക ബ്ലോക്ക് പഞ്ചായത്തിന് നിലവിൽ ലഭിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടുകയും, പരിപാലന ചെലവിനായി വർഷാവർഷം തുക ചെലവഴിക്കുന്നതിനാലും ക്വാർട്ടേഴ്സിന് വാടക നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 പണപ്പിരിവിന് രസീത് നൽകുന്നതിൽ അപാകത

പണം സ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഔദ്യോഗിക കൈപ്പറ്റ് രസീത് ഉപയോഗിക്കുന്നില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരമുള്ള ഫോം നമ്പർ KPRAR-5 മാതൃകയിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അച്ചടിച്ച രസീതോ, സാംഖ്യ രസീതോ ഉപയോഗിച്ച് പണം പിരിവ് നടത്താനാണ് അനുവാദമുള്ളത്. സാംഖ്യ രസീത് നൽകുവാൻ കഴിയാത്ത സാഹചര്യത്തിൽ ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ അച്ചടിച്ച രസീത് നൽകുന്നതിന് പകരം നിരവധി ദിവസങ്ങളിൽ സാംഖ്യ രസീതിൽ പേനകൊണ്ട് തുക രേഖപ്പെടുത്തി നൽകുകയും അതോടൊപ്പം A4 പേപ്പറിൽ പ്രിന്റ് ചെയ്ത് കൈപ്പറ്റ് ചീട്ട് നൽകുകയും ചെയ്ത് പണപ്പിരിവ് നടത്തിയതായി കാണുന്നു. ആയതിന് വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.17/08.06.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

രസീതുകൾ എഴുതി നൽകി പണം പിരിച്ചത് ഗുരുതരമായ നിയമ ലംഘനമാണ്. ഔദ്യോഗിക രസീത് ഉപയോഗിച്ച് മാത്രം പണം പിരിവ് നടത്തേണ്ടതും നിയമ ലംഘനത്തിന് തക്കതായ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-11 വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക ₹1,63,374/- ആണ്. വാടകയിനത്തിൽ തൻവർഷം ₹1,11,578/- ഉം കുടിശികയിനത്തിൽ ₹40,445/- ഉം വരവുണ്ട്. ₹50,971/- ബാലൻസും രേഖപ്പെടുത്തിയിട്ടുണ്ട്. വാടക രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ഈ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. വാടക രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ (കെട്ടിട നം./പേര്, വാടകക്കാരന്റെ വിശദാംശങ്ങൾ, പ്രതിമാസ വാടക, കരാർ കാലയളവ്, ഡി.സി.ബി.) വ്യക്തമല്ല. രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(24/09.06.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെയും മുറികളുടെയും കൃത്യമായ എണ്ണം, വാടകക്കാരന്റെ വിവരം, പ്രതിമാസ വാടക തുക, കളക്ഷൻ, ബാലൻസ് എന്നിവ ഉൾപ്പെടുത്തി വാടക രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-12 കരിമണ്ണൂർ പ്രീ-മെട്രിക് ഹോസ്റ്റലിൽ സി.സി. ടിവി സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| ചെക്ക് നം : | നം.25557/തീ. 28-02-2023 |
| ചെലവ് : | ₹388000/- |
| പ്രൊജക്ട് നം : | 157/23<br>(കരിമണ്ണൂർ പ്രീ-മെട്രിക് ഹോസ്റ്റലിൽ സി.സി. ടിവി-യും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ) |

പ്രസ്തുത പ്രൊജക്ടിന്റെ നിർവ്വഹണത്തിനായി ₹3,88,000/- പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സ് ഡിവിഷന് 28-02-2023ലെ 25557 നമ്പർ ചെക്ക് മുഖേന കൈമാറിയിട്ടുണ്ട്. തുക അനുവദിച്ചതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുള്ളത്. സി.സി. ടിവി-യും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ 7/06.06.2023 ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കി Global Net ID Solutions, Kannur എന്ന

സ്ഥാപനം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതായും ഈ മാസം തന്നെ പ്രവൃത്തി ആരംഭിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ ₹3,88,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 പൊതുലേലം നടത്താതെ കടമുറികൾ കൈമാറ്റം ചെയ്തു

22.09.2022ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം.6/6/6 പ്രകാരം പൂമാല ക്ഷീരോൽപാദക സഹകരണ സംഘത്തിന് പാൽ-സംഭരണ-വിതരണ യൂണിറ്റ് നടത്തുന്നതിന് വേണ്ടി അമൃത കുടുംബശ്രീ യൂണിറ്റിന്റെ അപേക്ഷ പരിഗണിച്ച് ടി കെട്ടിടത്തിന്റെ മുറികൾ പൂമാല ക്ഷീരോൽപാദക സഹകരണ സംഘത്തിനു പ്രവർത്തിക്കാൻ അനുമതി നല്കുകയും 11 മാസത്തേക്ക് വാടകക്കരാർ പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. 02.09.2022ലെ പൂമാല ക്ഷീരോൽപാദക സഹകരണ സംഘം സെക്രട്ടറിയുടെയും അമൃത കുടുംബശ്രീ യൂണിറ്റിന്റെ പ്രവർത്തനം തൽക്കാലം നിർത്തി വയ്ക്കുന്നതിനാൽ ടി കെട്ടിടം യൂണിറ്റിന്റെ പേരിൽ നിന്നും മാറ്റി തരണമെന്ന യൂണിറ്റ് പ്രസിഡന്റിന്റേയും അപേക്ഷകൾ മാത്രം പരിഗണിച്ച് പൊതുലേലം നടത്താതെ കടമുറി കൈമാറ്റം ചെയ്തതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (20/09.06.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. പൊതുലേലത്തിലൂടെ മാത്രമാണ് വാടകയ്ക്ക് മുറികൾ നൽകേണ്ടത് എന്നതിനാൽ ഇതിനുവിരുദ്ധമായ നടപടി സ്വീകരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 വാർഷിക വർദ്ധനവില്ലാതെ കരാർ പുതുക്കി നൽകിയതിനാൽ പ്രതിമാസ വാടകയിൽ കുറവ്

പൂമാല വനിതാ വ്യവസായ വിപണന കേന്ദ്രത്തിൽ ടെയ്‌ലറിംഗ് യൂണിറ്റ് നടത്തുന്ന ശ്രീമതി സതി ശ്രീധരൻ ചക്കനാനിക്കൽ, മേത്തൊട്ടി എന്ന വ്യക്തി 2018 സെപ്റ്റംബർ മുതൽ കരാറില്ലാതെയാണ് കെട്ടിടം ഉപയോഗിച്ച് വരുന്നത്. ₹605/- ആയിരുന്നു അതുവരെയുള്ള പ്രതിമാസ വാടക നിരക്ക്. പിന്നീട് 22.09.2022ലെ 3(2) നമ്പർ തീരുമാന പ്രകാരം വാടക 670+ജി.എസ്.ടി. (605 X 10%) നിരക്കിൽ 01.04.2022 പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് നൽകി. കരാർ അവസാനിച്ച തീയതി മുതൽ 31.03.2022 വരെയുള്ള കാലയളവിലെ കുടിശ്ശിക ഒഴിവാക്കിയാണ് അവരെ തുടരാൻ അനുവദിച്ചത്. വാടക കുടിശ്ശിക തവണകളായി അടയ്ക്കുവാൻ അനുവദിക്കണമെന്ന കുത്തകക്കാരിയുടെ അപേക്ഷ നിലനിൽക്കെയാണ് അത് ഒഴിവാക്കി നൽകിയത്. ലോക്ഡൗൺ കാലയളവിലും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 06.11.2021ലെ ജി.ഒ.(എം.എസ്.)261/2021 നമ്പർ ഉത്തരവ് പ്രകാരം 2021 ജൂലൈ മുതൽ 2021 ഡിസംബർ വരെയുള്ള കാലയളവിലെ വാടക ഇളവ് ചെയ്ത് നൽകാനാണ് വ്യവസ്ഥയുള്ളത്. ഇതിന് വിരുദ്ധമായി കുടിശ്ശിക പൂർണ്ണമായും ഇളവ് ചെയ്ത് നൽകിയ നടപടി ക്രമപ്രകാരമുള്ളതല്ല. ആയത് കൃത്യമായി

തിട്ടപ്പെടുത്തി ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി പരിഗണിച്ച് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

കൂടാതെ 4 വർഷം മുമ്പുള്ള നിരക്ക് ആസ്പദമാക്കി വാടക പുതുക്കി നൽകിയ നടപടിയും ക്രമപ്രകാരമുള്ളതല്ല. വാടകയിൽ ആനുപാതിക വർദ്ധനവ് നടത്താത്തത് മൂലം ഗണ്യമായ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/തീ. 09.06.2023) മറുപടി ലഭ്യമാക്കിയില്ല. ഉചിതമായ പരിഹാര നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-15 അങ്കണവാടികൾക്ക് വാങ്ങിയ സ്മാർട്ട് ടെലിവിഷൻ ഇൻസ്റ്റലേഷൻ പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | അങ്കണവാടി കുട്ടികൾക്ക് മെത്തയും അങ്കണവാടികൾക്ക് സ്മാർട്ട് ടെലിവിഷനും അനുബന്ധ ഉപകരണങ്ങളും |
| അടങ്കൽ | ₹2300000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ. |
| ചെലവ് | 1) 22100563009801253821/25.02.2023, ₹348283/- (ബേബി ബെഡ്)<br>2) 22100563009801340180/13.03.2023, ₹600000/- (ടെലിവിഷൻ)<br>3) 22100563009801410846/20.03.2023, ₹654920/- (ടെലിവിഷൻ)<br>4) 22100563009801338584/13.03.2023, ₹69300/- (പെൻഡ്രൈവ്)<br>5) 22100563009801532266/28.03.2023, ₹36400/- (എക്സ്റ്റൻഷൻ ബോക്സ്) |

മേൽ പദ്ധതി പ്രകാരം 137 സ്മാർട്ട് ടെലിവിഷൻ (32 ഇഞ്ച്), 450 ബേബി ബെഡ്, 130 എക്സ്റ്റൻഷൻ കോഡ്, 140 പെൻഡ്രൈവ് എന്നിവ GeM മുഖേന വാങ്ങി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഏഴ് ഗ്രാമ പഞ്ചായത്തുകളിലെ അങ്കണവാടികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ടെലിവിഷൻ അങ്കണവാടികളിൽ ഇൻസ്റ്റലേഷൻ ചെയ്യുന്ന നടപടി പൂർത്തീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 09.06.2023ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 18) ലഭ്യമാക്കിയ മറുപടിയിൽ വിതരണം നടത്തിയ ടെലിവിഷൻ സെറ്റുകൾ ഇസ്റ്റലേഷൻ നടത്തിവരികയാണെന്നും രണ്ട് പഞ്ചായത്തിലെ അംഗൻവാടികളിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പ്രോജക്ട് നിർവ്വഹണം പൂർത്തീകരിക്കാത്തതിനാൽ ടെലിവിഷൻ വാങ്ങുന്നതിനായി ചെലവഴിച്ച ₹12,54,920/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക് പണം നൽകിയിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് | 124/23 – അഞ്ചിരി എസ്.സി കോളനി കുടിവെള്ള പദ്ധതിക്ക് മോട്ടോർ<br>വാങ്ങലും<br>പൈപ്പ് ലൈൻ നീട്ടലും |
| അടങ്കൽ | ₹500000/- |

| | |
|---|---|
| | ₹400000/- (വികസന ഫണ്ട്- എസ്.സി.പി.) ₹100000/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | ₹500000/-<br>22100563009400923458/തീ. 17.12.2022, ₹400000/-<br>2022231005 B 002247811/തീ. 20.12.2022, ₹100000/- (TSB) |

മേൽ പദ്ധതിക്ക് 20 HP മോട്ടോർ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റമേറ്റിന്റെ അടിസ്ഥാനത്തിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബിൽ പ്രകാരം കേരള വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ, തൊടുപുഴയ്ക്ക് ₹5,00,000/- നൽകിയിരിക്കുന്നു. വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെടാതെയാണ് തുക നൽകിയിട്ടുള്ളത്. പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. എസ്.സി. കോളനി കുടിവെള്ള പദ്ധതിക്കായി മോട്ടോർ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തതിന് കാരണം വ്യക്തമല്ല. പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിനായി സെന്റേജ് ചാർജ് ഇനത്തിൽ എസ്റ്റിമേറ്റിൽ ₹39,984/- ഉൾപ്പെടുത്തിയിട്ടുണ്ട്. വാട്ടർ അതോറിറ്റി വാട്ടർ ചാർജ് ഈടാക്കുന്ന പദ്ധതിയാണെങ്കിൽ പഞ്ചായത്ത് പണം മുടക്കേണ്ടിവന്ന സാഹചര്യവും വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് 06.06.2023ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8ന് മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് 09.06.2023ന് ഓഡിറ്റ് വേളയിൽ നേരിട്ട് നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത പദ്ധതി കേരള വാട്ടർ അതോറിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും പരിപാലനത്തിലും ഉള്ളതാണെന്ന് ബോദ്ധ്യപ്പെട്ടു. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയല്ല എന്നിരിക്കെ, വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് പണം മുടക്കിയത് നിയമവിരുദ്ധമാണ്. ഈ സാഹചര്യത്തിൽ മേൽ പദ്ധതിക്കായി ചെലവഴിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. ₹5,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്കായി വാങ്ങിയ ലാപ്ടോപ്പുകൾ വിതരണം നടത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 43/23, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ലാപ്ടോപ് |
| അടങ്കൽ | ₹200000/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 22200484/തീ. 16.01.2023, ₹207160/- |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ലാപ്ടോപ് വിതരണത്തിനായി തൻവർഷം രണ്ട് പദ്ധതികൾ ഏറ്റെടുത്തിരുന്നു. 18/23 നമ്പർ പ്രോജക്ട് പ്രകാരം 10 ലാപ്ടോപ് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ഇതിന് പുറമെ മേൽ പദ്ധതി പ്രകാരം നാല് ലാപ്ടോപ്പ് വാങ്ങുന്നതിന് മുകളിൽ സൂചിപ്പിച്ച വൗച്ചർ പ്രകാരം ₹2,07,160/- ചെലവഴിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത ലാപ്ടോപ്പുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/07.06.2023) മറുപടി ലഭ്യമാക്കിയില്ല. ലാപ്ടോപ്പുകൾ വിതരണം നടത്തി വിവരം അറിയിക്കേണ്ടതാണ്. ₹2,07,160/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 ജവഹർ ഭവന പദ്ധതി വായ്പ - പലിശ തിരിച്ചടവിൽ വ്യക്തതയില്ല

| | |
|---|---|
| പ്രോജക്ട് | 34/23, ജവഹർ ഭവന പദ്ധതി വായ്പ - പലിശ നൽകൽ |
| അടങ്കൽ | ₹300000/- (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് ₹269143/- | 22100653009400474526/തീ. 29.08.2022, ₹113355/-<br>22100653009400535698/തീ. 14.09.2022, ₹61986/-<br>22100653009400617806/തീ. 07.10.2022, ₹72321/-<br>22100653009400696727/തീ. 27.10.2022, ₹21481/- |

ജവഹർ ഭവന പദ്ധതി വായ്പ – പലിശ ഒടുക്കുന്നതിനായി ഓഡിറ്റ് വർഷം മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബിൽ പ്രകാരം ₹2,69,143/- ട്രഷറിയിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. ജവഹർ ഭവന പദ്ധതി പ്രകാരം ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ ഏതൊക്കെ പഞ്ചായത്തുകളിൽ എത്ര തുക ലോൺ എടുത്തിട്ടുണ്ടെന്നും ആയതിന് വാർഷികമായി എത്ര തുക പലിശ ബാധ്യത ബ്ലോക്ക് പഞ്ചായത്തിന് വരുന്നുണ്ടെന്നും വ്യക്തമാക്കുന്ന യാതൊരു രേഖയും സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല. ഓരോ വർഷവും ബാങ്കിൽ നിന്ന് ആവശ്യപ്പെടുന്ന തുക നൽകുന്ന രീതിയാണ് തുടരുന്നത്. ജവഹർ ഭവന പദ്ധതി ലോൺ തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/07.06.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വായ്പയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും ഓരോ വർഷവും ബ്ലോക്ക് പഞ്ചായത്തിന്റെ യഥാർത്ഥ പലിശ ബാദ്ധ്യതയേക്കാൾ കൂടിയ തുക ബാങ്ക് ആവശ്യപ്പെടുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്.

### 1-19 പാലിയേറ്റീവ് കെയർ - മരുന്നുകൾ പൂർണമായി ലഭ്യമായില്ല

| | |
|---|---|
| പദ്ധതിയുടെ നം. | 77/23 |
| പദ്ധതിയുടെ പേര് | ഇളംദേശം എഫ്.എച്ച്.സി. സെക്കണ്ടറി പാലിയേറ്റീവ് പരിചരണത്തിനായി സാധനസാമഗ്രികൾ വാങ്ങലും പരിശീലനം നല്കലും |
| ബിൽ നം. | 22100563010100653872/തീ. 11-10-22, തുക ₹199999/- |

ഇളംദേശം എഫ്.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രസ്തുത പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് ₹1,99,999/- കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിന്റെ 36240018000000019ൽ നല്കിയിട്ടുണ്ട്. ഇതിൽ ₹97,103/-യുടെ മരുന്നുകൾ ലഭിക്കാൻ ശേഷിക്കുന്നു. അവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-20 ഇലക്ഷൻ ഡെപ്പോസിറ്റ് തുക - മുതൽ കൂട്ടിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ധനകാര്യ പത്രിക പ്രകാരം പ്രസ്തുത ഇനത്തിൽ ₹8,000/- നീക്കിയിരിപ്പുണ്ട്. പ്രസ്തുത എണ്ണം വോട്ടും ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല. വരണാധികാരിയിൽ നിന്ന് ലഭിച്ച തെരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-21 വിവിധ പദ്ധതികൾക്കായി നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി

2022-23 സാമ്പത്തിക വർഷം വിവിധ പദ്ധതികളുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ ₹ | നൽകിയ തുക ₹ | വൗച്ചർ/ബിൽ നം./തീയതി |
|---|---|---|---|---|
| 1 | 37/23<br>അംഗൻവാടികൾക്ക് സ്ഥലം വാങ്ങൽ- കോടിക്കുളം ഗ്രാമപഞ്ചായത്തിന് വിഹിതം | 300000<br>(തനത് ഫണ്ട്) | 200000 | 22200983/<br>31.03.2023 |

| | | | | |
|---|---|---|---|---|
| 2 | 146/23<br>വെള്ളിരാംപറമ്പ് കുടിവെള്ള പദ്ധതിക്ക് വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 424500<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 424500 | XVFC/2022-23/ P/54/13.03.2023 |
| 3 | 173/23<br>വിവിധ കുടിവെള്ള പദ്ധതികൾക്ക് വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 1000000<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1000000 | XVFC/2022-23/ P/55/13.03.2023 |
| | | ആകെ | 1624500 | |

മേൽ പദ്ധതികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കാത്തതിനാൽ ₹16,24,500/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 വിവിധ കാരണങ്ങളാൽ ചെലവ് തടസ്സപ്പെടുത്തുന്നു

ചുവടെ ചേർത്തിരിക്കുന്ന വൗച്ചറുകൾ പ്രകാരം നടത്തിയ ചെലവ് അവയ്ക്ക് നേരെ രേഖപ്പെടുത്തിയിരിക്കുന്ന വിവിധ കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ തീയതി | തുക ₹ | ഇനം | തടസ്സകാരണം |
|---|---|---|---|---|
| 1 | 22200052/ തീ. 23.04.22 | 2000 | നിരതദ്രവ്യം തിരികെ നൽകൽ – ശ്രീ. രാജശേഖരൻ നായർ എസ്.ആർ.-ന് നൽകുന്നതിനായി പിൻവലിച്ച തുക | ഔദ്യോഗിക രസീത് ഹാജരാക്കിയില്ല |
| 2 | 22200080/ തീ. 03.05.22 | 22090 | ബ്ലോക്ക്പഞ്ചായത്ത് വാഹനത്തിന്റെ ഇൻഷുറൻസ് അടയ്ക്കുന്നതിനായി പിൻവലിച്ച തുക | ബിൽ, രസീത് ഹാജരാക്കിയില്ല |
| 3 | 22200135/ തീ. 17.06.22 | 2000 | നിരതദ്രവ്യം തിരികെ നൽകൽ – ശ്രീ. ജോപ്പി ജോസഫ്-ന് നൽകുന്നതിനായി പിൻവലിച്ച തുക | ഔദ്യോഗിക രസീത് ഹാജരാക്കിയില്ല |
| 4 | 22200183/ തീ. 08.07.22 | 2000 | നിരതദ്രവ്യം തിരികെ നൽകൽ – ശ്രീ. സജി പി. വി.-ക്ക് നൽകുന്നതിനായി പിൻവലിച്ച തുക | ഔദ്യോഗിക രസീത് ഹാജരാക്കിയില്ല |
| 5 | 22200363/ തീ. 27.10.22 | 4106 | മാതൃഭൂമി ദിനപത്രത്തിൽ ടെണ്ടർ പരസ്യം നൽകുന്നതിനായി പിൻവലിച്ച തുക | തുക നൽകിയതിന്റെ രസീത് ഹാജരാക്കിയില്ല |
| 6 | 22200583/ തീ. 15.03.23 | 2000 | നിരതദ്രവ്യം തിരികെ നൽകൽ – ശ്രീ. സജി പി. വി.-ക്ക് നൽകുന്നതിനായി പിൻവലിച്ച തുക | ഔദ്യോഗിക രസീത് ഹാജരാക്കിയില്ല |
| | ആകെ | 34196 | | |

ഉപോൽബലകമായ രേഖകൾ ഹാജരാക്കി ₹34,196/-യുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-23 രേഖ/രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഭരണ ചെലവുകൾക്ക് മുൻകൂർ നൽകുന്നതും തിരികെ ക്രമീകരിക്കുന്നതുമായ തുകയുടെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ടെണ്ടർ ഫോറം സ്റ്റോക്ക്, വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല, കുടിശ്ശിക വാടക വരവിന്റെ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ബി-17 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ വിവിധ ബാങ്ക്, ട്രഷറി അക്കൗണ്ടുകളുമായി ബന്ധപ്പെട്ട പ്രതിമാസ, വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ (സാംഖ്യ പ്രകാരം ഉള്ളത്) സൂക്ഷിക്കുന്നില്ല. സംയുക്ത പ്രോജക്ടുകൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഗ്രാമ, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന വിഹിതത്തിന്റെ ഫണ്ട് വിനിയോഗം നിരിക്ഷിക്കുന്നതിനായി രജിസ്റ്റർ/രേഖകൾ സൂക്ഷിക്കുന്നില്ല. ഇടപാടുകളുടെ സുതാര്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ/രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-24 അധികാര പരിധി വിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ - എയിഡഡ് ഹൈസ്കൂളുകൾക്ക് ടോയ്‌ലറ്റ് നിർമ്മാണം

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172 ഉപവകുപ്പ് 1 പട്ടിക 4ൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരങ്ങളും ചുമതലകളും വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. ഇത് പ്രകാരം ഒരു വിഭാഗത്തിൽപ്പെട്ട സ്കൂളുകളും ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെട്ടിട്ടില്ല. വകുപ്പ് 173 ഉപവകുപ്പ് 1 പട്ടിക 5 പ്രകാരം ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽ സർക്കാർ ഹൈസ്കൂളുകളും ഹയർ സെക്കന്ററി സ്കൂളുകളും ഉൾപ്പെട്ടിരിക്കുന്നു. എയ്ഡഡ് സ്കൂളുകൾ ഒരു തരം പഞ്ചായത്തിന്റെയും നിയന്ത്രണ പരിധിയിൽ ഉൾപ്പെടുന്നവയല്ല. ബ്ലോക്ക് പഞ്ചായത്തിന് യാതൊരു നിയന്ത്രണവുമില്ലാത്തതാണ് മാനേജ്മെന്റ് സ്കൂളുകൾ .

പതിനാലാം പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം.84/2022/LSGD/തീയതി 19-04-2022 ഖണ്ഡിക 08-06-2011-ൽ എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലും ടോയലറ്റും വാഷ്ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യവും ഏർപ്പെടുത്തിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ് എന്ന് പരാമർശിച്ചിരിക്കുന്നു. കൂടാതെ സ.ഉ(കൈ)നം. 103/2020/തസ്വഭവ./തീയതി. 30.06.2020 പ്രകാരം പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗരേഖയും പുറപ്പെടുവിച്ചിരിക്കുന്നു. എന്നാൽ ഇവിടെയൊന്നും എയ്ഡഡ് ഹയർസെക്കന്ററി സ്കൂളിനോ ഹൈസ്കൂളിനോ ടോയ്‌ലറ്റ് നിർമ്മിച്ച് നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകിയിട്ടില്ല. ബ്ലോക്ക്പഞ്ചായത്ത് തൻവർഷം എയിഡഡ് സ്കൂളുകളിൽ നടത്തിയിരിക്കുന്ന നിർമ്മാണ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | പദ്ധതി | ബിൽ നം./വൗച്ചർ നം. |
|---|---|---|
| 1 | പ്രോജക്ട് നം. 152/22. 93/23<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് - ₹450000/-<br>കരിമണ്ണൂർ സെന്റ് ജോസഫ് എച്ച്.എസ്.എസ്. ബോയ്സ് ഫ്രണ്ട്ലി ടോയ്ലറ്റ് സമുച്ചയം | 21100563010001292729/09.03.2022<br>₹401210/-<br>22100563010000056315/19.09.2022<br>₹35516/- |
| 2 | 5/23 (CFC_₹474500,Own Fund-₹25500/-)<br>സെന്റ് മേരീസ് ഹൈസ്കൂളിൽ ടോയ്ലറ്റ്<br>(കോടിക്കുളം ഗ്രാമപഞ്ചായത്ത്) | XVFC/2022-23/P/42/07.02.2023<br>₹213568/-<br>XVFC/2022-23/P/45/25.02.23<br>₹1915/-<br>XVFC/2022-23/P/48/25.02.23<br>₹1915/-<br>XVFC/2022-23/P/51/25.02.23<br>₹3830/-<br>XVFC/2022-23/P/67/30.03.23<br>₹164499/- |
| 3 | 3/23 – ₹900000/-<br>നെയ്യശ്ശേരി സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂളിൽ ടോയ്ലറ്റ്<br>കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് | XVFC/2022-23/P/37/19.01.23<br>₹423562/-<br>XVFC/2022-23/P/39/07.02.23<br>₹7598/-<br>XVFC/2022-23/P/40/07.02.23<br>₹3799/-<br>XVFC/2022-23/P/65/30.03.23<br>₹295251/- |
| 4 | 4/23 – ₹800000/-<br>കലയന്താനി സെന്റ് ജോർജ്ജ് ഹൈസ്കൂളിന് ടോയ്ലറ്റ് സമുച്ചയം<br>(ആലക്കോട് ഗ്രാമപഞ്ചായത്ത്) | XVFC/2022-23/P/68/31.03.2023<br>₹638539/- |
| 5 | 2/23 – ₹694062/-<br>സെന്റ് ജോർജ്ജ് സ്കൂൾ (ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്) | XVFC/2022-23/P/44/31.03.2023<br>₹364906/- |
| 6 | 133/23<br>നെയ്യശ്ശേരി എസ്.എൻ.സി.എം. എൽ.പി. സ്കൂളിന് ടോയ്ലറ്റ് നിർമ്മാണം | XVFC/2022-23/P/70/31.03.2023<br>₹131555/- |
| | ആകെ തുക | ₹2687663/- |

ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടാത്തതും അനുമതി ലഭിച്ചിട്ടില്ലാത്തതും സാമ്പത്തികമായി അത്ര പിന്നോക്കാവസ്ഥയിൽ അല്ലാത്തതുമായ എയിഡഡ് സ്കൂളുകളുടെ ടോയ്ലറ്റ് നിർമ്മാണം ബ്ലോക്ക് പഞ്ചായത്തിന് ഒരുതരത്തിലും നടപ്പാക്കാനാവാത്ത പദ്ധതികളാണ്.

1994ലെകേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരമോ, അതിന് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരമോ ബ്ലോക്ക് പഞ്ചായത്തിന് യാതൊരു നിയന്ത്രണവുമില്ലാത്ത മാനേജ്മെന്റ് സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മിച്ച് നൽകിയതിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 22/09.06.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 2022-23 വർഷത്തെ പൊതുമരാമത്ത്, കുടിവെള്ളം-ശുചിത്വം വർക്കിംഗ് ഗ്രൂപ്പുകളിൽ ഈ പദ്ധതികളുടെ ആസൂത്രണം സംബന്ധിച്ച് ചർച്ച നടത്തിയിട്ടില്ല. കുടിവെള്ളം-ശുചിത്വം വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് എല്ലാ ഗ്രാമപഞ്ചായത്തിലും പൊതുവായ സ്ഥലങ്ങളിൽ ടോയ്ലറ്റുകൾ നിർമ്മിച്ച് കുടുംബശ്രീയെ ഏൽപ്പിക്കുക, വിനോദ സഞ്ചാര കേന്ദ്രങ്ങളായ വാഗമൺ, ഇലവീഴാ പൂഞ്ചിറ എന്നിവിടങ്ങളിലേയ്ക്കുള്ള യാത്രക്കാർക്ക് സൗകര്യപ്രദമായ രീതിയിൽ ടോയ്ലറ്റുകൾ നിർമ്മിക്കുക XVFC/2022-23/P/51/25.02.23 തുക ₹3,830/- തുടങ്ങി പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ പദ്ധതി നിർദ്ദേശങ്ങൾ ഉയർന്ന് വന്നെങ്കിലും ഇവയൊന്നും നടപ്പാക്കിയില്ല. മാത്രമല്ല, സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന കാളിയാർ ടെക്നിക്കൽ സ്കൂളിൽ ടോയ്ലറ്റ് നിർമ്മിച്ച് നൽകുന്നതിനുള്ള ശുപാർശയ്ക്ക് അനുഗുണമായി പദ്ധതിയും ആവിഷ്കരിച്ചിട്ടില്ല. മേൽ നിർദ്ദേശങ്ങളൊന്നും നടപ്പാക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റായി ലഭിച്ച തുക ചെലവഴിക്കുന്നതിന് രൂപീകരിച്ച് നടപ്പാക്കിയ പദ്ധതികളാണ് എയിഡഡ് സ്കൂളുകൾക്ക് ടോയ്ലറ്റ് നിർമ്മിച്ച് നൽകുക എന്നത്. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ പദ്ധതികൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് ഉരുത്തിരിഞ്ഞ് വരുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്. ₹26,87,663/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2022-23 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

## 4-2 സംയുക്ത പ്രോജക്റ്റ്

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്റ്റിന്റെ പേര് | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക ₹ | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | പി.എം.എ.വൈ.(ജി.) ഭവന പദ്ധതി ബ്ലോക്ക് വിഹിതം | 2022-23 | 2058000 | 2058000 | 0 |
| ജില്ലാപഞ്ചായത്ത് | പി.എം.എ.വൈ.(ജി.) ഭവന പദ്ധതി (റ്റിഎസ്.പി) ബ്ലോക്ക് വിഹിതം | 2022-23 | 1442000 | 1442000 | 0 |
| ജില്ലാപഞ്ചായത്ത് | പി.എം.എ.വൈ.(ജി.) ഭവന പദ്ധതി (ജനറൽ) ബ്ലോക്ക് വിഹിതം | 2022-23 | 490000 | 490000 | 0 |
| ജില്ലാപഞ്ചായത്ത് | പി.എം.എ.വൈ.(ജി.) ഭവന പദ്ധതി (എസ്.സി.പി) ബ്ലോക്ക് വിഹിതം | 2022-23 | 1092000 | 1092000 | 0 |
| ജില്ലാപഞ്ചായത്ത് | പി.എം.എ.വൈ.(ജി.) ഭവന പദ്ധതി (റ്റി.എസ്.പി)ബ്ലോക്ക് വിഹിതം | 2022-23 | 2849000 | 2849000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| ജില്ലാ ഭൂജല വകുപ്പ് ഇടുക്കി | 28/22 കുഴൽ കിണർ – 7 മുതൽ 13 വരെ ബ്ലോക്ക് ഡിവിഷനുകളിൽ | XVFC/2022-23/P/36 | 73361 | 72773 | 588 |
| വാട്ടർ അതോറിറ്റി | അഞ്ചിരി എസ്.സി കുടിവെള്ള പദ്ധതി കുഴൽ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും | 5209362/ 19.12.2022 | 500000 | 0 | 500000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല -

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഇല്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം ലഭിച്ച തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഐ.എ.വൈ (ഭവന നിർമ്മാണ പദ്ധതി) | ജി.ഒ.എം.എസ് നം.90/13 ത.സ്വ.ഭ.വ തീയതി 14.03.2012 | 1800000 | 540000 | 0 | 0 | 60679 | 540000 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹35000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | ₹35000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | ₹35000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|
| ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക് രസീത് നം.1302 തീയതി 17.11.2014 | 35000 |
| ആകെ | 35000 |

## 4-7 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

– ഇല്ല –

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

– ഇല്ല –

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹9670070 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹81950560 |
| ആകെ | ₹91620630 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹82211147 |
| ആകെ | ₹9409483 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹.63,08,439 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | - ഇല്ല - | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1254920 | ശ്രീമതി ജാനറ്റ് എം. സേവ്യർ<br>സി.ഡി.പി.ഒ. |
| 1-16 | 500000 | ശ്രീ. അജയ് എ. ജെ.<br>സെക്രട്ടറി |
| 1-17 | 207160 | ശ്രീ. അജയ് എ. ജെ.<br>സെക്രട്ടറി |
| 1-21 | 1624500 | ശ്രീ. അജയ് എ. ജെ.<br>സെക്രട്ടറി |
| 1-22 (ഭാഗികം) | 28090 | ശ്രീ. കെ. ആർ. ഭാഗ്യരാജ്<br>സെക്രട്ടറി |
| 1-22 (ഭാഗികം) | 6106 | ശ്രീ. അജയ് എ. ജെ.<br>സെക്രട്ടറി |
| 1-24 | 2687663 | ശ്രീമതി ശ്രീദേവി കെ.<br>അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജാനറ്റ്എം. സേവ്യർ, സി.ഡി.പി.ഒ. | സി.ഡി.പി.ഒ. ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | കാരക്കുന്നേൽ വീട് കരിമണ്ണൂർ പി.ഒ., ഇടുക്കി ജില്ല – 685581 |
| ശ്രീ. അജയ് എ. ജെ. സെക്രട്ടറി | സെക്രട്ടറി ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | ആച്ചിക്കല്ലേൽ ചിലവ് പി.ഒ., തൊടുപുഴ |
| ശ്രീ. കെ. ആർ. ഭാഗ്യരാജ്, സെക്രട്ടറി | - ലഭ്യമല്ല - | കളക്കുട്ടുങ്കൽ മൈലക്കൊമ്പ് പി.ഒ. ഇടുക്കി ജില്ല-685608 |
| ശ്രീമതി ശ്രീദേവി കെ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | കൊല്ലംകുടിയിൽ തൊടുപുഴ ഈസ്റ്റ് പി.ഒ. കീരിക്കോട്-685585 |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അദാലത്തിന് ശേഷം അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 2000-01 | എൽ.എഫ്.ഐ-4/224/2015/ 07.04.2015 | 1 | 2-7 |
| 2003-04 | എൽ.എഫ്.ഐ-4/872/2007/ 09.10.2007-64/99/16.02.1999 | 1 | 3-8(1, 2) |
| 2007-08 | എൽ.എഫ്.ഐ-4/312/2012/ 10.05.2012- | 1 | 3-1 |
| 2009-10 | കെ.എസ്.എ -ഐഡികെ/10/ 1409/18/01.01.2018 - | 2 | 3-4,3-5 |
| 2010-11 | കെ.എസ്.എ -ഐഡികെ-10/1486/ 16/.05.12.2016 | 1 | 3-1 |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-10/1549/ 17/06.11.2017 | 3 | 2-3, 3-1, 3-13 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ.-4/236/ 2022/24.03.2022 | 5 | 2-2, 3-1, 3-2, 3-4, 3-5 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-4/684/ 2020/25.11.2020 | 3 | 1-15, 1-16, 1-18 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-4/38/ 2022/08.02.2022 | 3 | 1-14, 1-15, 1-17 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-4/39/ 2022/20.06.2022 | 11 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 4-5 |
| 2021-22 | കെ.എസ്.എ-ഐ.ഡി.കെ-പി9/ 566/2023/25.05.2023 | 11 | 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-18, 1-19, 2-1 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 22-05-2023 and submitted on 25-05-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Elemdesam Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Elemdesam Block Panchayat for the year 2022-2023

Date: 26/09/2023

Senior Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Elemdesam Block Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to accounting and all other software which have direct or indirect impact on financial reports and information.

2. Non completion of transition period process, during migration to accrual based double entry system from cash based single entry system, including valuation of assets and liabilities for inclusion in opening balance sheet.

3. Non- inclusion of notes to accounts in financial statements and non-disclosure of material facts.

4. Generation of financial reports showing contradictory information due to non- integration of accounting

software with other related software.

**2.Other Observations**

1) Cash flow statement-net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2) Demand registers do not match with financial statements

3) Misclassification of receipt voucher

4) Depreciation recorded for assets not owned by the institution.

5) Non-inclusion of value of closing stock

Senior Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്